പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3396 | 14.03.2018 ൽ മറുപടിയ്ക്ക് |
|---|---|

**നിർഭയ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. സ്വരാജ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സംരക്ഷണത്തിനായി നടപ്പിലാക്കുന്ന നിർഭയ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ; | (എ) വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിൽ നിർഭയ സെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനു വേണ്ടി നടപ്പിലാക്കി വരുന്ന പരിപാടിയാണ് നിർഭയ പദ്ധതി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് ചുവടെ പറയുന്ന നാല് പ്രധാന മേഖലകളിൽ ഇടപെടലുകൾ നടത്തുന്നു.<br>1. പ്രതിരോധം<br>2. സംരക്ഷണം<br>3. നിയമനടത്തിപ്പ്<br>4. പുനരധിവാസവും പുനരേകീകരണവും |
| (ബി) എന്തെല്ലാം പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖേന നടത്തി വരുന്നു എന്ന് അറിയിക്കുമോ ; | (ബി) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തിരുവനന്തപുരം, കൊല്ലം ഇടുക്കി, എറണാകുളം തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർകോഡ് എന്നീ 10 ജില്ലകളിലായി 12 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് പുറമേ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ നിർഭയ ഷെൽട്ടർ ഹോമിലൂടെ നൽകി വരുന്നു. ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ കേസുകൾ ചാർജ്ജ് ചെയ്യാനും കോടതിയിൽ എത്രയും വേഗം എത്തിക്കാനും ഷെൽട്ടർ ഹോം അധികൃതർ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>നിർഭയ ഷെൽട്ടർ ഹോമുകളിലൂടെ തിരഞ്ഞെടുത്ത താമസക്കാർക്ക്, പുനരധിവാസ പദ്ധതിയുടെ ഭാഗമായി, തൊഴിൽ പരിശീലനത്തിലൂടെ സ്വയം പര്യാപ്തരാക്കാൻ ഒരു കേന്ദ്രീകൃത സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മോഡൽ നിർഭയ ഷെൽട്ടർ ഹോം സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ |

| | |
|---|---|
| | തിരുവനന്തപുരം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക്/ കുട്ടികൾക്ക് വൈദ്യസഹായം, സംരക്ഷണം എന്നിവ നൽകുന്നതിന് വൺ സ്റ്റോപ്പ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയനാട്, തൃശ്ശൂർ എന്നീ 2 ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നിർഭയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജാഗ്രതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ വാർഡ്തല പഞ്ചായത്ത് തല ജാഗ്രത സമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും പ്രിവെൻഷൻ ക്യാമ്പയിൻ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഈ പദ്ധതിയുടെ പ്രയോജനങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ? | (സി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പ്രചാരണം നൽകാനും സർക്കാരിന്റെ സംവിധാനങ്ങളെക്കുറിച്ച് വിവരങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള മീഡിയ ക്യാമ്പെയിൻ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ